LIBRARY ARCHIVES Kerala Legislative Assembly

കാപ്പക്ലിന്റെ കീഴിലുള്ള ഫാക്ടറികൾ

14 (*74) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാപ്പക്ലിന്റെ കീഴിലുള്ള പത്തു ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ചുകൊടുക്കണമെന്ന സുപ്രീംകോടതി ഉത്തരവ് കാരണം തൊഴിലാളികളെ ഏതുതരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനായി എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) നിലവിലുള്ള തൊഴിലാളികളുടെ താല്പര്യം കണക്കിലെടുത്ത് പുതിയ നിയമം നിർമ്മിക്കാനും സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാനും സ്വീകരിച്ച നടപടി വിശദമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ നല്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആവശ്യമെങ്കിൽ പുതിയ നിയമ നിർമ്മാണം നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ജലസമ്പാദ്യ പദ്ധതി

15 (*75) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) ജലനിധി രണ്ടാംഘട്ടപദ്ധതിയിൽ ജല സമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ജലവിനിയോഗത്തിൽ സ്വീകരിക്കേണ്ട മിതത്വം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ, കിണർ പരിപാലന മാർഗ്ഗങ്ങൾ, ജലഗുണ നിലവാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച സന്ദേശങ്ങൾ സംസ്ഥാനത്തെ 80 ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരിപ്പിക്കുക എന്നതാണ് ജലസമ്പാദ്യ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub Surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലശുദ്ധീകരണത്തിനായി പ്രഷർ ഫിൽട്ടർ, ക്ലോറിനേറ്റർ, അയൺ റിമൂവൽ പ്ലാന്റ്, ടെറാഫിൽ ഫിൽട്ടറേഷൻ യൂണിറ്റുകൾ, എക്കോളജിക്കൽ വാട്ടർ പ്യൂരിഫയർ, സിൽവർ അയണൈസേഷൻ, ആർ.ഒ. പ്ലാന്റ് എന്നീ മാർഗ്ഗങ്ങൾ ജലശുദ്ധീകരണത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു. ജലസംരക്ഷണം, ജലഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. ജലസംരക്ഷണം അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ തയ്യാറാക്കി സംസ്ഥാനത്തെ വീടുകളിൽ എത്തിക്കുന്നു.

(ഡി) സി.സി.ഡി.യു., ധനകാര്യ വകുപ്പ് ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് ജല സമ്പാദ്യ പദ്ധതി സംഘടിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly